കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.8/316/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 06.07.2020

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്. |

*******

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം18, 1994ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ്215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗം കൂടി ഓഡിറ്റ്റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23; 1997ലെ കേരളാപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ്സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994ലെ കേരളപഞ്ചായത്ത് രാജ്നിയമം-വകുപ്പ് 215(4), 1994ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൻെറ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 13.11.2018 മുതൽ 05.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ആയത് പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാവിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ എംപി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-03-2020 മുതൽ 20-03-2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.വി.പ്രമോദ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിപിനവത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സുമതി.ടി.ഒ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.കെ.പ്രസീദ | 01-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ.രാജേഷ് കുമാർ.ടി. | 01-4-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഷിൻസി. | 01-4-18 മുതൽ 11-5-2018 വരെ |
| | ശ്രീമതി.മീര.യു.എൻ | 12-5-18 മുതൽ 31-3-19 വരെ |
| വെറ്റിനറി സർജൻ | ഡോ.ആഷ സജിത് | 01-4-18 മുതൽ 31-3-19 വരെ |
| അസി.ഇഞ്ചിനീയർ | ശ്രീ.പ്രണാം.കെ.ടി | 01-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സൽമത്ത്.കെ.ടി | 01-4-18 മുതൽ 09-12-2018 വരെ |
| | ഡോ.അനു.പി.കെ | 10-12-18 മുതൽ 06-01-19 വരെ |
| | ഡോ.സൽമത്ത്.കെ.ടി | 07-01-19 മുതൽ 31-3-19 വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.ജഷി ദിനകർ | 01-4-18 മുതൽ 31-3-19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.നന്ദിനി | 01-04-18 മുതൽ 20-08-18 വരെ |
| | ശ്രീമതി.സുമതി | 21-08-18 മുതൽ 21-11-18 വരെ |
| | ശ്രീമതി.രസ്നസദൻ | 22-11-18 മുതൽ 31-3-19 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.സുശീല.ടി.വി | 01-4-18 മുതൽ 31-5-18 വരെ |
| | ശ്രീ.സുമേഷ് ബാബു.യു.സി | 01-6-18 മുതൽ 31-3-19 വരെ |
| വി.ഇ.ഒ (മാങ്ങാട്ടിടം) | ശ്രീ.വിപിൻദാസ്.വി. | 01-4-18 മുതൽ 31-03-19വരെ |
| വി.ഇ.ഒ (കണ്ടംകുന്ന്) | ശ്രീമതി.രമ്യ | 01-4-18 മുതൽ 17-10-18വരെ |
| | ശ്രീമതി.കവിത | 18-10-18 മുതൽ 19-01-19 FN വരെ |
| | ശ്രീമതി.ഷിനി | 19.01.19 FN മുതൽ 31.03.19 വരെ |
| അസി.സെക്രട്ടറി | ശ്രീ.മുഹമ്മദ് റഫീഖ്. | 01-4-18 മുതൽ 31-3-19 വരെ |

ഉള്ളടക്കം



| | | |
|---|---|---|
| | | ഭാഗം – 1<br>ഓഡിറ്റ് റിപ്പോർട്ട് |
| | | |

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തികവിശകലനം(റസീറ്റ്&പേയ്മെൻറ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റു ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം |
| 11 | 1-11 | വാർഷികകണക്കിലെ അപാകങ്ങൾ |
| 12 | 1-12 | അനധികൃത കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 13 | 1-13 | വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല |
| 14 | 1-14 | എഫ്.ടി.ഇ.ഒ.എസ് ലൈസൻസ്- അപാകങ്ങൾ |
| 15 | 1-15 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല |
| 16 | 1-16 | തൊഴിൽനികുതി- അപാകങ്ങൾ |
| 17 | 1-17 | അങ്കണവാടി വർക്കർമാർ, ഹെൽപർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 18 | 1-18 | ഇ-ടെണ്ടർ- ടെണ്ടർഫീസ് പഞ്ചായത്തിന് ലഭ്യമാകുന്നില്ല |
| 19 | 1-19 | സറണ്ടർചെയ്ത ആർജിതാവധി ദിവസങ്ങൾ ലീവ് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിട്ടില്ല |
| 20 | 1-20 | ഐ.കെ.എം വിഹിതം കൈമാറൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 21 | 1-21 | തെരുവ് വിളക്ക്:- നിലവിലില്ലാത്ത ബൾബുകൾക്ക് തുക ഒടുക്കുന്നതും മറ്റ് അപാകങ്ങളും |
| 22 | 1-22 | പത്രപരസ്യം- അധികനിരക്ക് ഈടാക്കുന്നു |
| 23 | 1-23 | മഴക്കാലപൂർവ്വശുചീകരണം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-₹2,13,807തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | വാഹനങ്ങളുടെപരിപാലനം - അപാകങ്ങൾ |
| 25 | 1-25 | 'ഒരു വീട്ടിൽ ഒരു തറി' : സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികതുക ചെലവഴിച്ചു. |
| 26 | 1-26 | ഹരിതകർമ്മസേനപ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതാണ് |
| 27 | 1-27 | ലൈഫ്ഭവനപദ്ധതി : ഭവനനിധി രൂപീകരിച്ചിട്ടില്ല |
| 28 | 1-28 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ-അധികമായി ചെലവഴിച്ച 6165/- രൂപ നിരാകരിക്കുന്നു. |

| | | |
|---|---|---|
| 29 | 1-29 | കന്നുകുട്ടി പരിപാലനം- കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 30 | 1-30 | വെറ്ററിനറി മരുന്ന് -വാങ്ങിയ മുഴുവൻ മരുന്നും സ്റ്റോക്കിലെടുത്തില്ല. 8277/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 31 | 1-31 | സാമൂഹ്യസുരക്ഷാപെൻഷൻ- ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും ആനുകൂല്ല്യം അനുവദിച്ചു |
| 32 | 1-32 | മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം മുഴുവനായും അനുവദിക്കേണ്ടതാണ് |
| 33 | 1-33 | ജാഗ്രതാസമിതി ശാക്തീകരണം- പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് |
| 34 | 1-34 | ഉപകരണങ്ങളുടെ തുടർപ്രവർത്തനങ്ങളും പരിപാലനവും കാര്യക്ഷമമാക്കേണ്ടതാണ് |
| 35 | 1-35 | അസിസ്ററൻറ് സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണം-അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല-7,41,240/- രൂപ തടസ്സപ്പെടുത്തുന്നു |
| 36 | 1-36 | ഉപകരണങ്ങൾ വാങ്ങി ഒരു വർഷമായിട്ടും ലാബ് പ്രാവർത്തികമായില്ല.1,27,117/-രൂപ തടസ്സപ്പെടുത്തുന്നു |
| 37 | 1-37 | പി.എച്ച്.സി-തുക ഒടുക്കി ഒരു വർഷമായിട്ടും 61,296/-രൂപയുടെ മരുന്നുകൾ ലഭ്യമായില്ല |
| 38 | 1-38 | സബ്സിഡി പരിധി ലംഘിച്ച് ആനുകൂല്യം-കുടിവെള്ളടാങ്കിന് അധികമായി അനുവദിച്ച 9,425/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല |
| 39 | 1-39 | റർബൻ മിഷൻ പദ്ധതികൾ |
| | | ഭാഗം-2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (ചാർജ് ചെയ്യാവുന്നവ) – ഇല്ല |
| | | ഭാഗം-3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (സർചാർജ് ചെയ്യാവുന്നവ) – ഇല്ല |
| 40 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻെറ വിവരം |
| 41 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 42 | 4-3 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 43 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 44 | 4-5 | വായ്പ/വായ്പാതിരിച്ചടവ് വിവരം |
| 45 | 4-6 | സ്ഥിരനിക്ഷേപം |
| 46 | 4-7 | ഓഡിറ്റ് റിക്കവറി |
| 47 | 4-8 | സമാഹൃതറിപ്പോർട്ട് |
| 48 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| | | |

| | | |
|---|---|---|
| 49 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 50 | 4-11 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| 51 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 52 | അനുബന്ധം-2-1 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 53 | അനുബന്ധം-2-2 | ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 54 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൻെറ 2018-19 വർഷത്തെ ബജറ്റ് 31.03.2018 തീയതിയിലെ 56/18 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.2019 തീയതിയിലെ 26/19 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ അംഗീകൃത ബജറ്റിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,96,77,937 |
| വരവ് | 32,37,66,150 |
| ആകെ | 34,34,44,087 |
| ചെലവ് | 32,62,02,500 |
| നീക്കിയിരിപ്പ് | 1,72,41,587 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2019 | 14.5.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തികവിശകലനം(റസീറ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,93,36,710/- |
| വരവ് | 18,84,71,825/- |
| ആകെ | 20,78,08,535/- |
| ചെലവ് | 10,38,51,802/- |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 10,39,56,733/- |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,81,68,000 | 1,81,68,000 | 1,81,68,000 | 0 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13,69,000 | 13,69,000 | 13,69,000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 3,07,000 | 3,07,000 | 3,07,000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1,53,25,000 | 1,53,25,000 | 1,53,25,000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 41,43,000 | 41,43,000 | 41,43,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 84,32,000 | 84,32,000 | 84,32,000 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | | | | | | |
| 1)എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 24673202 | 24673202 | 24673202 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1659 | 530358 | 532017 | 527709 | 4308 |
| 2)റർബൻ മിഷൻ | | 62195 | 109787842 | 109850037 | 31968312 | 77881725 |
| 3)ഐ.സി.ഡി.എസ് | | 1000908 | 1063856 | 2064764 | 1196817 | 867947 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ | | 1225000 | 1495000 | 2720000 | 723249 | 1996751 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | | 2392600 | 2392600 | 2392600 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | | 1469720 | 1469720 | 1469720 | 0 |
| ബി ഫണ്ട് | | 0 | 61248220 | 61248220 | 61248220 | 0 |

ജനറൽപർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 13408217/-രൂപ ലഭിച്ചിട്ടുണ്ട്. തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല. തനത് ഫണ്ട് അക്കൗണ്ട് സംബന്ധമായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ടിൻെറ വരവ്-ചെലവ് സംബന്ധമായി കൃത്യമായ വിവരം ലഭ്യമല്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 7,19,29,966 | 153 | 5,89,09,085 | 10 | 27 | 84.12 |

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 11 | 6366836 | 2430059 | 38.2 |
| കൃഷി ഓഫീസർ | 12 | 11 | 3407440 | 3372011 | 99 |
| വെറ്റിനറി സർജൻ | 15 | 15 | 5970680 | 5869622 | 98.3 |
| വി.ഇ.ഒ | 11 | 10 | 7469924 | 7050244 | 94.4 |
| അസി.എഞ്ചിനിയർ | 71 | 62 | 34306513 | 27086443 | 79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4785708 | 4669786 | 97.6 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 12 | 12 | 2537421 | 2074479 | 81.8 |
| മെഡിക്കൽ ഓഫീസർ (ജി.എ.ഡി) | 2 | 2 | 719400 | 698394 | 97.1 |
| അസി.സെക്രട്ടറി | 13 | 13 | 3252876 | 2555706 | 78.6 |
| ഹെഡ്മാസ്ററർ | 12 | 12 | 3113168 | 3102341 | 99.7 |

| | | | | | |
|---|---|---|---|---|---|
| ആകെ | 170 | 153 | 71929966 | 58909085 | 81.8 |

ബി). പദ്ധതിനിർവ്വഹണത്തിൻെറ മേഖല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം (ഉൽപാദനം) | 31 | 1,26,76,370 | 1,08,44,144 | 85.5 |
| പൊതുവിഭാഗം (സേവനം) | 63 | 2,63,98,329 | 2,15,90,273 | 81.8 |
| പൊതുവിഭാഗം (പശ്ചാത്തലം) | 62 | 3,10,89,191 | 2,47,10,035 | 79.5 |
| പട്ടികജാതിവിഭാഗം (സേവനം) | 10 | 14,56,076 | 14,54,633 | 99.9 |
| പട്ടികജാതിവിഭാഗം (ഉല്പാദനം) | 01 | 3,000 | 3,000 | 100 |
| പട്ടികവർഗ്ഗവിഭാഗം (സേവനം) | 03 | 3,07,000 | 3,07,000 | 100 |
| ആകെ | 170 | 71929966 | 58909085 | 81.90 |

2018-19 വർഷം ഫണ്ട് വിനിയോഗത്തിൽ നല്ല പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാൻറ്, ധനകാര്യകമ്മീഷൻ ഗ്രാൻറ് തുടങ്ങിയ ഇനങ്ങളിൽ തൻവർഷം ലഭ്യമായ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

<u>മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല</u>

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുൾ മോണിറ്റർ ചെയ്യണം. എന്നാൽ 2018-19 വർഷം മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തൽ നടത്തിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും പലതിലും കമ്മിറ്റി അംഗങ്ങൾ ഒപ്പ് വച്ചിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നു.

<u>വർക്കിംഗ് ഗ്രൂപ്പ്-മിനുട്സിലെ അപാകങ്ങൾ</u>

1)മിനുട്സ് അപൂർണ്ണം- ഉദാ:-പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിൻെറ 07-11-18, 05-12-

18ലെ യോഗങ്ങൾ

2)തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഉദാ:-ധനകാര്യവർക്കിംഗ് ഗ്രൂപ്പ്, മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ 05-12-18ലെ യോഗങ്ങൾ.

<u>ചെലവുതുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് നല്കാത്തത് സർക്കാർ ഉത്തരവിന് വിരുദ്ധം</u>

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള ബഡ്സ് സ്കൂളിൻെറ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്കൂൾ വാഹനത്തിന് ഡീസൽ നിറച്ചയിനത്തിലുള്ള തുക ഫ്യുവൽ ഏജൻസിയുടെ അക്കൗണ്ടിലേക്ക് നല്കാതെ ചില മാസങ്ങളിൽ പ്രിൻസിപ്പലിൻെറ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഉദാ-6/18-19,800/-രൂപ

9/18-19,850/-രൂപ.ഇത് ധനവിനിയോഗം സംബന്ധിച്ച സർക്കാർ ഉത്തരവിൻെറ (സ.ഉ(പി)177/2006-ധനം-തിയ്യതി12-4-06) ലംഘനമാണ്. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1659 | 530358 | 532017 | 527709 | 4308 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24673202 | 24673202 | 24673202 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45120 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 9790000 | 2460 |
| വിധവാപെൻഷൻ | 16417600 | 1304 |
| വാർദ്ധക്യകാല പെൻഷൻ | 25738600 | 6197 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 5497500 | 1292 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3385400 | 821 |
| വിവാഹധനസഹായം | 300000 | 10 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,834/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ചേർന്ന യോഗങ്ങളിൽ പഞ്ചായത്തിന്റെ നികുതി പിരിവ് പുരോഗതി, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തൽ എന്നിവയാണ് മിക്കവാറും അവലോകനം നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസുമായി ബന്ധപ്പെട്ട് ടോക്കൻ സമ്പ്രദായം, കുടിവെള്ള സൗകര്യം തുടങ്ങിയ സംവിധാനങ്ങളേർപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്തി രജിസ്ററർ പൂർണ്ണമാക്കേണ്ടതാണ്. ഭൂനികുതിയൊടുക്കിയും പോക്കുവരവ് മുതലായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയും ഭൂമിസംബന്ധമായ കാര്യങ്ങൾ കാലികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) സൂക്ഷിച്ചുവരുന്ന മരുന്ന്, ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ 2018-19 വർഷത്തെ വരവ്-വിനിയോഗവിവരമേ ചേർത്തിട്ടുള്ളൂ. മുൻസ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കുകയോ, വിവിധ ഇനങ്ങളുടെ നീക്കിയിരിപ്പ് 2018-19 ലെ സ്റ്റോക്ക് രജിസ്റ്ററിൽ ബന്ധപ്പെട്ട ഇനങ്ങളുടെ മുന്നിരിപ്പായി ചേർക്കുകയോ ചെയ്തിട്ടില്ല. ഇത് ശരിയായ നടപടിക്രമമല്ല. മുൻസ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിലവിലെ സ്റ്റോക്ക് തിട്ടപ്പെടുത്തേണ്ടതും ആയവ നിലവിലെ സൂക്ഷിപ്പുമായി ഒത്തുനോക്കി-ഭൗതികപരിശോധന നടത്തി-കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് മെഡിക്കൽ ഓഫീസറുടേയും (പി.എച്ച്.സി) ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-01-2020 | നവംബർ & ഡിസംബർ 2019 | 15-01-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-02-2011 | 2004-05മുതൽ 2009-10 വരെ | 16-3-2011 |

## 1-11 വാർഷികകണക്കിലെ അപാകങ്ങൾ

1.2018-19വാർഷിക ധനകാര്യ പത്രികയിലെ ദുരിതാശ്വാസ നിധി ഇനത്തിലെ മുന്നിരിപ്പ് 35834 രൂപയാണ്. ആകെ 41230 രൂപ. ഈയിനത്തിൽ തൻ വർഷത്തെ ചെലവ് 5000 രൂപയാണ്. ഇതനുസരിച്ച് ബാക്കിയുണ്ടാവേണ്ടത് 36230 രൂപയാണ്. എന്നാൽ ആർ.പി. 40(ബി) പ്രകാരം 36730 രൂപയും ബി-2 പ്രകാരം 38510 രൂപയും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 39230 രൂപയുമാണ്.
2.ബി-9 ഷെഡ്യൂളിൽ Employees liabilities – pension contribution payable head ൽ 41609 രൂപയാണ്. വൗച്ചർ നമ്പർ 21900014 തീ. 03-04-19 പ്രകാരം 38063 രൂപയാണ് ഒടുക്കിയിട്ടുള്ളത്. 3546 രൂപ വ്യത്യാസമുണ്ട്.
3.ദുരിതാശ്വാസ നിധി അക്കൌണ്ട് (നം.593- മാങ്ങാട്ടിടം സർവ്വീസ് സഹകരണ ബേങ്ക്) എസ്.ബി.ഐ .(നം.37079800219) ടി.എസ്.ബി (നം.722041400000021) എന്നിവയുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.
4. ആർ.പി .4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള വരവുകളുടെ പരിശോധനക്കാവശ്യമായ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല.
5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-12 അനധികൃത കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം സംബന്ധിച്ച രജിസ്റ്റർ പ്രകാരം 4 കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ മൂന്നെണ്ണത്തിന്റെ വിവരം മാത്രമേ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. താഴെ കൊടുത്ത കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

| പേര്/വിലാസം | വാർഡ് നം./ കെട്ടിട നം. | തറ വിസ്തീർണം | നിർണയിച്ച വസ്തുനികുതി |
|---|---|---|---|
| മാക്കുറ്റി ലക്ഷ്മി & മാക്കുറ്റി നികേഷ് കൊടക്കാട്ട് ചാലിൽ,ആയിത്തറ മമ്പറം | 7/78 A(UA) | 132.m2 | 1779 |

മേൽ കൊടുത്ത കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ രേഖപ്പെടുത്താത്തതിന് കാരണം, പ്രസ്തുത കെട്ടിടം പിന്നീട് ക്രമവൽക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്റെ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/18-03-20 തിയ്യതി-18-3-20) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി നിർമ്മിച്ച മുഴുവൻ കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-13 വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ-ചട്ടപ്രകാരമുള്ള രജിസ്റ്ററും

## അനുബന്ധരേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല

1994 ലെ കേരള പഞ്ചായത്തീരാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണവും രേഖപ്പെടുത്തിയ ഒരു പ്രത്യേക രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കണമെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(6)-ൽ നിഷ്കർഷിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ട 458 കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ട്. ഇതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.31/18-03-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ്- അപാകങ്ങൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നത് ഭേദഗതി വരുത്തിക്കൊണ്ട് (31-10-2017 ലെ ജി.ഒ.(പി) 80/2017 ത സ്വ ഭ വ വിജ്ഞാപനം പ്രകാരം) നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണറിയപ്പെടുന്നത്. പ്രസ്തുത ചട്ട പ്രകാരം ലൈസൻസിനായി അപേക്ഷകൾ സമർപ്പിക്കേണ്ടത് താഴെ പറയും പ്രകാരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1)ഫോറം നം. 1 ൽ അനുബന്ധരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം (ചട്ടം 5എ)

2)അപേക്ഷയിൽ ഫാക്ടറിയിലോ വർക്ക്ഷോപ്പിലോ ജോലി സ്ഥലത്തോ ഭൂമിയിലോ നിയോഗിക്കുന്ന ജോലിക്കാരുടെ എണ്ണവും അതോടൊപ്പം ജോലി സ്ഥലത്തിന്റെയോ ഭൂമിയുടെയോ പ്ലാൻ, യന്ത്രസാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങളും ഉണ്ടായിരിക്കേണ്ടതാണ് (ചട്ടം 12(2))

എന്നാൽ 2018-19 വർഷത്തെ ലൈസൻസ് പുതുക്കേണ്ട ആവശ്യത്തിലേക്ക് കച്ചവടക്കാർ/ വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ മേൽ കൊടുത്ത പ്രകാരമല്ല. 31-10-2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം സ്ഥാപനങ്ങൾക്ക് പൊതുവായി ബാധകമാവുന്ന ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന്റെ (ഉല്പാദനം,സേവനം) അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. അപേക്ഷയിൽ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്തമാക്കിയിട്ടില്ല. എന്നാൽ 2018-19 വർഷം കുറഞ്ഞത് 500 രൂപ നിരക്കിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. അപേക്ഷയിൽ മൂലധന നിക്ഷേപം വ്യക്തമാക്കാത്ത സാഹചര്യത്തിൽ തുക ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണസമിതി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/18-03-20) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനായി വ്യത്യസ്ത വിഭാഗങ്ങളിലായി താഴെ പറയും പ്രകാരം 1746 കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം 479 സ്ഥാപനങ്ങളാണ് ലൈസൻസെടുത്തിട്ടുള്ളത്.

| ക്രമ നം. | സഞ്ചയയിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|---|
| 1. | വാണിജ്യവശ്യത്തിനുള്ള 100 ച.മീറ്റർവരെ തറവിസ്തീർണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ | 1433 |
| 2. | വാണിജ്യവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ | 156 |
| 3. | വാണിജ്യവശ്യത്തിനുള്ള 200 ച.മീറ്റർവരെ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ | 04 |
| 4. | വാണിജ്യവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ | 36 |
| 5. | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ , പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ | 5 |
| 6. | ഓഫീസ് ആവശ്യത്തിനുള്ളവ(വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 22 |
| 7. | ഓഡിറ്റോറിയം | 1 |
| 8. | വ്യവസായ ആവശ്യത്തിനുള്ളവ | 61 |
| 9. | ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 28 |
| | ആകെ കെട്ടിടങ്ങൾ | 1746 |

മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ഫീൽഡ് പരിശോധന നടത്തിയതിന്റെ വിവരവും ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.30 /18-03-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 തൊഴിൽ നികുതി-അപാകങ്ങൾ

2018 – 19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1. മാങ്ങാട്ടിടം വില്ലേജ് ഓഫീസിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് , രാജേഷ് തണ്ടയോടൻ എന്നവരിൽ നിന്നും രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പടുവിലായി വില്ലേജിലേക്ക് സ്ഥലം മാറിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിടുതൽ ചെയ്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2. എൽ.എസ്.ജി.ഡി യിലെ ഓവർസിയർ ഗ്രേഡ് III , പ്രസീജ രാജനിൽ നിന്നും രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 02-02- 2019 ന് വിടുതൽ ചെയ്തു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എവിടേക്ക് സ്ഥലം മാറി പോയെന്നത് രജിസ്റ്ററിലോ റിട്ടേണിലോ രേഖപ്പെടുത്തിയിട്ടില്ല. സ്ഥലം മാറി പോയ തദ്ദേശ ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മുകളിൽ കൊടുത്ത അപാകതകൾക്ക് വ്യക്തത വരുത്തവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/17-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-17 അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 204(1)(ii)എ (i) പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് പരിധിയിലെ 34 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (25/17-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 ഇ-ടെണ്ടർ- ടെണ്ടർഫീസ് പഞ്ചായത്തിന് ലഭ്യമാകുന്നില്ല

ഗ്രാമപഞ്ചായത്ത് ഇ ടെണ്ടർ മുഖാന്തിരം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെണ്ടർ ഫീസ് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. 31-3-19വരെ ഇപ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടുന്ന തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ടെണ്ടർ ഫീസ് |
|---|---|
| 2015-16 | 1,07,485 |
| 2016-17 | 46,600 |
| 2017-18 | 34,300 |
| 2018-19 | 4,10,848 |
| | |

| | |
|---|---|
| ആകെ | ₹ 5,99,233 |

തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 സറണ്ടർ ചെയ്ത ആർജിതാവധി ദിവസങ്ങൾ ലീവ് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിട്ടില്ല

വൗച്ചർ നമ്പർ 21800044/13-04-18 പ്രകാരം ശ്രീ.മധുസൂദനൻ.സി (ക്ലർക്ക്) 30 ദിവസത്തെ ആർജിതാവധി (₹29,044/-) സറണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ജീവനക്കാരൻ 2018-19 സാമ്പത്തിക വർഷത്തിൽ ആർജിതാവധി സറണ്ടർ ചെയ്തതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 01-04-18ന് ഇദ്ദേഹത്തിന്റെ അക്കൗണ്ടിൽ 80ആർജിതാവധി നീക്കിയിരിപ്പുണ്ട്. (31-03-17 വരെയുള്ള 46 9/11ഉം 01-04-17 മുതൽ 31-03-18വരെ ആർജ്ജിച്ച 33 2/11ഉം അടക്കം). 18-19 വർഷം ആർജിതാവധി സറണ്ടർ ചെയ്തതായി കാണിക്കാതെ 31-03-19ന് ടിയാന്റെ അക്കൗണ്ടിൽ (80+33 2/11 (l8-19 വർഷം ആർജിച്ചത്) 113 2/11 ലീവ് ബാലൻസുണ്ട്. ആയത് ആവശ്യമായ രേഖപ്പെടുത്തലുകളും തിരുത്തലുകളും നടത്തി ക്രമീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ഐ.കെ.എം വിഹിതം കൈമാറൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ടിന്റെ നമ്പറും പേരും :3/19 ഐ.കെ.എം വിഹിതം കൈമാറൽ

അടങ്കൽ : 34,898/-രൂപ- വികസനഫണ്ട്

ചെലവ് : 34,898/- ബിൽ നമ്പർ: 1/11-06-18

തദ്ദേശസ്വയംഭരണവകുപ്പിന്റെ 08-03-16ലെ സ.ഉ(സാധാ)1228/16ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്ലാൻഫണ്ടിന്റെ 25% തുകയായ 34,898/- രൂപ മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം ന് കൈമാറിയിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്ത് കൈമാറിയ തുകക്ക് ഐ.കെ.എം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്ക്-നിലവിലില്ലാത്ത ബൾബുകൾക്ക് തുക ഒടുക്കുന്നതും മറ്റ് അപാകങ്ങളും

2020 മാർച്ചിൽ കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയ ഇൻവോയിസ് പ്രകാരമുള്ള വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നത്.

| ക്രമനമ്പർ | വിളക്കുകളുടെ ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് | 40 | 170 | 73 | 12410 |
| 2 | സോഡിയം വേപ്പർ ലാമ്പ് | 70 | 4 | 138 | 552 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 250 | 12 | 492 | 5904 |
| 4 | സി.എഫ്.എൽ | 11*2 | 275 | 35 | 9625 |
| 5 | ട്യൂബ് ലൈറ്റ് | 40 | 69 | 73 | 5037 |

| ആകെ | 33,528 |
|---|---|
| | |

ഗ്രാമപഞ്ചായത്തിലൊരിടത്തും സാധാരണബൾബുകൾ പ്രവർത്തിക്കുന്നില്ലെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 20/17-03-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിലെ പട്ടികയിൽ നിന്നും മാസം തോറും 170 സാധാരണബൾബുകൾക്ക് 12,410/- രൂപ വീതം ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നതായി കാണാം. നിലവിലില്ലാത്ത ബൾബുകൾക്കാണ് തുക ഒടുക്കിവരുന്നത്. സാധാരണബൾബുകളും സി.എഫ്.എൽ ബൾബുകളും തമ്മിൽ നിരക്കിലുള്ള വ്യത്യാസത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. നിലവിൽ പഞ്ചായത്തിൽ ഭൂരിഭാഗവും എൽ.ഇ.ഡി ബൾബുകളാണെന്നിരിക്കെ വളരെകൂടിയ വൈദ്യുതിചാർജാണ് അടവാക്കിവരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്.

സർക്കുലർ നമ്പർ 65529/ഡി.സി 3/12 ത.സ്വ.ഭ.വ തീയ്യതി 12-03-13 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനുള്ള ടെക്നിക്കൽ സഹായം കെ.എസ്.ഇ.ബി നൽകുന്നതും ആവശ്യമായ തുക കെ.എസ്.ഇ.ബിയിൽ ഒടുക്കേണ്ടതുമാണ്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ ഇത് പ്രകാരമുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള തെരുവ് വിളക്കുകളുടെ ഇനംതിരിച്ചുള്ള എണ്ണം സംബന്ധിച്ച വിശദമായ വിവരം സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിലുള്ള യാതൊരു കണക്കും സൂക്ഷിക്കാതെ കെ.എസ്.ഇ.ബി ഡിമാന്റ് ചെയ്യുന്ന തുക (₹30438/പ്രതിമാസം) അടച്ചുവരികയാണ് ചെയ്യുന്നത്. കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് വൈദ്യുതി ചാർജിനത്തിൽ അധികതുക ഒടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും അധികതുക നല്കിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പത്രപരസ്യം- അധികനിരക്ക് ഈടാക്കുന്നു.

20-11-2015ലെ ജി.ഒ.(ആർ.ടി)551/2015/പി.ആർ.ഡി ഉത്തരവ് പ്രകാരം മാതൃഭൂമിയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് ചതുരശ്രസെന്റിമീറ്ററിന് പരസ്യനിരക്ക് 91.75 രൂപയും മനോരമയിൽ പ്രസിദ്ധീകരിക്കുന്നതിന് (കണ്ണൂർ എഡിഷൻ)ചചതുരശ്രസെന്റിമീറ്ററിന് 65.18 രൂപയുമാണ്. മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ പത്രപരസ്യം പ്രസിദ്ധീകരിച്ചിരിക്കുന്നത് ചതുരശ്രസെന്റിമീറ്ററിന് 245 രൂപ നിരക്കിലാണ്.ചഇത്തരത്തിൽ നിരക്കിലെ പ്രകടമായ വ്യത്യാസം പരിഗണിക്കാതെ പരസ്യം നൽകുക വഴി ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുക അധികം ചെലവഴിക്കേണ്ടി വരുന്നുണ്ട്. പത്രപ്പരസ്യങ്ങൾ പബ്ലിക് റിലേഷൻസ് ഡിപ്പാർട്മെന്റ് മുഖേന നൽകി ഉത്തരവ് പ്രകാരമുള്ള നിരക്ക് ലഭ്യമാക്കാൻ ശ്രമിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-23 മഴക്കാലപൂർവ്വശുചീകരണം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 2,13,807/-രൂപ തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കുള്ള രണ്ടാഗഡു ആയ 23,807/-രൂപ (വൗച്ചർ നമ്പർ 21800160/6-06-18) സെക്രട്ടറി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആരോഗ്യജാഗ്രതക്കായി 2018-19 വർഷം ശുചിത്വമിഷൻ വിഹിതമായി ലഭ്യമായ 1,90,000/-രൂപയും (10,000/-രൂപ വീതം 19 വാർഡുകൾക്ക്) വൗച്ചർ നമ്പർ 21800165/13-06-18 പ്രകാരം പിൻവലിച്ച്

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)ക്ക് കൈമാറിയിട്ടുണ്ട്. മേൽ തുകകളുടെ ചെലവ് രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി(5/10-03-20) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽപ്രകാരമുള്ള ചെലവ് ₹ 213807 (₹ 23807 + ₹ 190000) തടസ്സപ്പെടുത്തുന്നു.

# 1-24 വാഹനങ്ങളുടെ പരിപാലനം - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ, വാഹനങ്ങളുടെ പരിപാലനത്തിൽ ചുവടെ ചേർത്ത അപാകങ്ങൾ കാണുന്നു.

1)ജി.ഒ (എം.എസ്)170/07 ത.സ്വ.ഭ.വ- തീയ്യതി 30-06-07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർവെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL58S-3376 ,KL58E-1632 എന്നീ വാഹനങ്ങളുടെ ഇന്ധനക്ഷമതാടെസ്റ്റ് സമീപകാലത്തൊന്നും നടത്തിയതായി കാണുന്നില്ല.

2)കസ്റ്റോഡിയൻ ഓഫീസറുടേയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടേയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറക്കേണ്ടതാണ്. എന്നാലിത് ഉറപ്പുവരുത്തുന്നില്ല.

3)സർക്കുലർ നമ്പർ 41/2008/ധനം 02/08/2008 നമ്പർ പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. ബഡ്സ് സ്കൂളിന്റെ വാഹനത്തിന്റെ (KL58E-1632) ലോഗ്ബുക്കിൽ ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

4)കൺട്രോളിങ് ഓഫീസർ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കുന്നില്ല.
ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

# 1-25 'ഒരു വീട്ടിൽ ഒരു തറി' : സർക്കാർ ഉത്തരവ് പാലിച്ചില്ല -7,18,200രൂപയുടെ ചെലവ് നിരാകരിക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ (മാങ്ങാട്ടിടം)

| പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ/ഫണ്ട് | ചെലവ് തുക |
|---|---|---|
| 50/19<br>ഒരു വീട്ടിൽ ഒരു തറി | ₹3,97,000(വികസനഫണ്ട്)<br>₹8,00,000(ബ്ലോക്ക് പഞ്ചായത്ത്) | ₹3,97,000(വികസനഫണ്ട്)<br>₹8,00,000(ബ്ലോക്ക് പഞ്ചായത്ത്) |

'ഒരുവീട്ടിൽ ഒരുതറി' എന്ന മേൽ പ്രോജക്ട് നൂതന പ്രോജക്ട് എന്ന ഗണത്തിൽ പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിരിക്കുന്നത്. ആയതിന് നൂതന പ്രോജക്ടുകൾ വിലയിരുത്തുന്നതിനുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് (787/18എൻ.സി/ഡി.പി.സി/ഡി.പി.ഒ/ കെ.എൻ.ആർ - തിയതി-03-7-2018) ഇതൊരു വനിതാഗ്രൂപ്പ് സംരംഭമാണ്. കേരള സർക്കാറിന്റെ 'ഒരു വീട്ടിൽ ഒരു തറി' പദ്ധതിയുടെ ഭാഗമായി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 120 സ്ത്രീകൾക്ക് കൈത്തറിത്തുണി നെയ്യുന്നതിൽ പരിശീലനം നൽകിയിട്ടുണ്ടെന്നാണ് പ്രോജക്ടിൽ പറയുന്നത്. ഇവർക്ക് വീടുകളിൽ ഹാൻവീവ് അസംസ്കൃതസാധനങ്ങൾ നൽകി തുണിയാക്കി തിരിച്ചു വാങ്ങിക്കുകയും അതിന് കൂലി നൽകി വരുമാനം വർദ്ധിപ്പിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തലുമാണ് പദ്ധതിയുടെ ഉദ്ദേശം.

കേരള സർക്കാറിന്റെ 'ഒരു വീട്ടിൽ ഒരു തറി' പദ്ധതി പ്രകാരം കൈത്തറി തൊഴിലാളികളുടെ വീടിനോട് ചേർന്ന് തറി സ്ഥാപിക്കാൻ 75% തുക സർക്കാരും 25% തുക ഗുണഭോക്താവുമാണ് വഹിക്കേണ്ടത്. ഈ 25% ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്ത് വഹിക്കുന്ന രീതിയിലാണ് നൂതന പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് . ഇതിന്റെ അടിസ്ഥാനത്തിൽ 120 നെയ്ത്തുകാർക്ക് നൽകിയ തറിയുടെ (ഒരു തറിക്ക് ₹ 39,900) 25% ആയ ₹ 11,97,000 (39900x25/100x120) ഗ്രാമപഞ്ചായത്ത് കേരളസംസ്ഥാന കൈത്തറി വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. (ബിൽനമ്പർ 7/18-19/21-11-18 പ്രകാരം ₹3,97,000;ചെക്ക് നമ്പർ 1717747/29-11-18 പ്രകാരം ₹8,00,000)

25-06-18 ലെ സ.ഉ(സാധാ) നമ്പർ 1719/2018/ത.സ്വ.ഭ.വ പ്രകാരം 2018-19 ൽ ഇത്തരം പദ്ധതി വകുപ്പ് നടപ്പാക്കുന്നുവെങ്കിൽ 75% തുക കൈത്തറി വകുപ്പും 10% തുക തദ്ദേശഭരണസ്ഥാപനവും 15% തുക ഗുണഭോക്താവും വഹിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്താവ് വഹിക്കേണ്ട 15%വും കൂടി (7,18,200/-രൂപ) തദ്ദേശഭരണസ്ഥാപനം തന്നെ വഹിക്കുകയാണ് ചെയ്തത്. ഇത് ശരിയായ നടപടിയല്ല. ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 7,18,200/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

120 പേർക്ക് തറി ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയുന്നതല്ലാതെ ഇത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.പദ്ധതി പ്രകാരം തറി ലഭിച്ച 120പേരും നിലവിൽ നെയ്ത്തുജോലിയിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും വരുമാനം ലഭിക്കുന്നുണ്ടോ എന്നുമുള്ള തുടങ്ങിയ വിവരങ്ങൾ ലഭ്യമായിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 27/18-03-20ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബാക്കി ചെലവ് തുകയായ 4,78,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-26 ഹരിതകർമ്മസേന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്

സ.ഉ(എം.എസ്) 2420/17/ത.സ്വ.ഭ.വ തീയ്യതി 15-07-17 മാർഗ്ഗരേഖപ്രകാരമാണ് മാലിന്യ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഇതനുസരിച്ച് മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ 22-11-17 ന് ഹരിതകർമ്മസേന രൂപീകരിക്കുകയുണ്ടായി. ഹരിതകർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ഓഡിറ്റിലാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്തിലെ മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്ക് ഓഡിറ്റ് അന്വേഷണം(19/16-03-20) മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ

ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിലെ മാലിന്യപരിപാലനം എത്രത്തോളം ഫലവത്താണെന്നുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

ഹരിതകർമസേന വീടുകളിൽനിന്നും പിരിക്കുന്ന യൂസർഫീ അടവാക്കുന്നതിനായി ഓഡിറ്റ് വർഷം പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. യൂസർഫീ പിരിച്ചു കിട്ടുന്ന തുക സേനാംഗങ്ങൾ വീതം വച്ചെടുക്കുകയായിരുന്നെന്ന് വി.ഇ.ഒ അറിയിച്ചു. നിലവിൽ അക്കൗണ്ട് തുടങ്ങിയെന്നറിയിച്ചെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-27 ലൈഫ്ഭവനപദ്ധതി : ഭവനനിധി രൂപീകരിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതിക്കായി 2018-19 വർഷം ആകെ 8 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തത്. 8 പേരും ആനുകൂല്യം കൈപ്പറ്റി വീട്പണി പൂർത്തിയാക്കി.

ലൈഫ്ഭവന പദ്ധതിയുടെ മാർഗ്ഗരേഖ ഉത്തരവ് സ.ഉ 151/2017/തീയ്യതി 31-07-17ൽ ലൈഫ് ഭവനപദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശഭരണസ്ഥാപനത്തിലും ബന്ധപ്പെട്ട അധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടായി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതുവരെയായി ഭവനനിധി രൂപീകരിച്ചിട്ടില്ല.

# 1-28 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ വാങ്ങൽ –അധികമായി ചെലവഴിച്ച 6,165/- രൂപ നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

| | |
|---|---|
| അടങ്കൽ | 44,000/- 40000 (തനത് ഫണ്ട്)<br>4,000 (മെയ്ൻറനൻസ് ഗ്രാന്റ്) |
| ചെലവ് | 32,692/-(തനത് ഫണ്ട്) ടി.എസ്.ബി 3074803/ 08-03-2019 |
| | 4,000/-സംരക്ഷണ ഗ്രാന്റ് ബിൽ നമ്പർ-15/02-02-19 |
| ആകെ ചെലവ് | 36,692/-രൂപ |

മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി കമ്പ്യൂട്ടർ വാങ്ങുന്നതിന് മേൽപ്രകാരം 36,692/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം (നം.ഐ.ടി,പി 11482/19-20/29-02-20) 30,527/-രൂപയാണ് കമ്പ്യൂട്ടറിന്റെ വില. ഇതുവഴി 6,165/- രൂപ (36692-30527) കെൽട്രോണിന് അധികം നൽകിയിട്ടുണ്ട്. ഇത

സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (38/19-3-20) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 6,165/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-29 കന്നുകുട്ടി പരിപാലനം-കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

| | പ്രോജക്ട് പേര് – കന്നുകുട്ടി പരിപാലനം<br>പ്രോജക്ട് നമ്പർ – 31/19 | പ്രോജക്ട് പേര് – കന്നുകുട്ടി പരിപാലനം (സംസ്ഥാന വിഹിതം)<br>പ്രോജക്ട് നമ്പർ – 21/19 |
|---|---|---|
| അടങ്കൽ | 4,37,500/-(വികസന ഫണ്ട്)<br>4,37,500/-(ഗുണഭോക്തൃ വിഹിതം) | 93,750/-(വികസന ഫണ്ട്)<br>93,750/-(സംസ്ഥാനം)<br>187500 – ഗുണഭോക്തൃ വിഹീതം |
| ചെലവ് | 4,37,500/-(03/18-19/29-10-18) | 93,750/-(06/18-19/13-12-18) |

കന്നുകുട്ടിപരിപാലനം എന്ന പദ്ധതിക്കായി മുകളിൽ കൊടുത്ത പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകയുടെ കൈപ്പറ്റ് രശീതി ഫയലിലില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതും പദ്ധതി പൂർത്തിയാക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-30 വെറ്ററിനറി മരുന്ന് -വാങ്ങിയ മുഴുവൻ മരുന്നും സ്റ്റോക്കിലെടുത്തില്ല. 8,277/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 18/19 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 99,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവ് | 99,000/- 05/28-11-2018 |

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം 99,000/- രൂപ ചെലവഴിച്ച് ന്യൂലാൽ എന്റർപ്രൈസസ്, പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇവയിൽ താഴെ കൊടുത്ത മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| ക്രമനം. | കേഷ് | മരുന്നിന്റെ | എണ്ണം | തുക |
|---|---|---|---|---|

| | ഇൻവോയ്സിലെ ക്രമ നം. | പേര് | | |
|---|---|---|---|---|
| 1 | 1 | ALAME D.N.S 500 M.L | 10 | 210 |
| 2 | 2 | ALAME RINGTER 500 M.L | 10 | 280 |
| 3 | 9 | ALAME B MORAL 500 M.L | 10 | 5714 |
| 4 | 17 | AYURV EXAPER BOLUS4'S | 20 | 476 |
| 5 | 20 | HIMAL INFLAMIN CREAM | 10 | 500 |
| 6 | 28 | NOVAR CALBOROL | 10 | 1097 |
| | | | ആകെ | 8,277/- |

8,277/- രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതിന് കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. (ഓഡിറ്റ് അന്വേഷണം-39/20-3-19) ആയതിനാൽ 8,277/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 സാമൂഹ്യസുരക്ഷാപെൻഷൻ - ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്റ്ററും സേവന (സാമൂഹ്യസുരക്ഷ പെൻഷൻ) സോഫ്റ്റ് വെയറുമായി ഒത്തു നോക്കിയപ്പോൾ, വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും പെൻഷൻ ആനുകൂല്യം അവരുടെ അക്കൗണ്ടിലേക്ക് അനുവദിച്ചതായി കാണുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | പെൻഷണർ ഐ.ഡി | മരണ തീയ്യതി | മരണപ്പെട്ടതിന് ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ അനുവദിച്ച തദ്ദേശഭരണ സ്ഥാപനം |
|---|---|---|---|---|---|
| 1 | എം.ഉമ്മർ | 102170200908 | 15-05-2018 | 06/18 മുതൽ 07/19വരെ | മട്ടന്നൂർ നഗരസഭ |
| 2 | ബാബുരാജ് | 112850200516 | 28-10- | 11/18 മുതൽ | പാനൂർ |

| | | | | | |
|---|---|---|---|---|---|
| | | | 2018 | 09/19 വരെ | നഗരസഭ |
| 3 | പാറു അമ്മ | 111580100249 | 25-08-18 | 09/18 മുതൽ 09/19 വരെ | ചിറ്റാരിപറമ്പ് ഗ്രാ.പ |

പെൻഷൻ ഗുണഭോക്താവിൻെറ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന സംഗതികളിൽ പ്രസ്തുത വിവരം പെൻഷൻ അനുവദിച്ചുവരുന്ന തദ്ദേശഭരണസ്ഥാപനത്തെ അതാത് സമയം അറിയിക്കാറുണ്ടോയെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/19-03-20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ ഗുണഭോക്താവിന്റെ മരണം രജിസ്റ്റർ ചെയ്യുന്ന മുറക്ക് പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-32 മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം മുഴുവനായും അനുവദിക്കേണ്ടതാണ്.

ശാരീരിക–മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട്- 90/18-19) എന്ന പ്രോജക്ട് . ഇതിനായി വികസന ഫണ്ടിൽ നിന്ന് 5,50,000/-രൂപയും 2,50,000/- രൂപ വീതം ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടെ 10,50,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ ജില്ലാ-ബ്ലോക്ക് വിഹിതം മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവ് 10,49,985/- രൂപയാണ്. എന്നാൽ മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ/14.02.2018 സബ്സിഡി മാർഗരേഖ ഖ.7.1.6.ബി യിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടില്ല. ഓരോ വിദ്യാർത്ഥികൾക്കും 14,895/- രൂപ വീതം മാത്രമാണ് നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മുഴുവൻ ആനുകൂല്യവും അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന രീതിയിൽ പ്രോജക്ട് നടപ്പിലാക്കുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-33 ജാഗ്രതാസമിതി- പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | |
|---|---|
| അടങ്കൽ | 75,000/-(73,319വികസനഫണ്ട്, 1,681 തനത്ഫണ്ട് ) |
| ചെലവ് | 75,000/-<br><u>തുക</u> <u>രശീതി/ചെക്ക് നമ്പർ/തീയതി</u><br>15000/- -- 8/18-19/21.01.19<br>15000/- -- 11/18-19/25.2.19<br>20000/- -- 14/18-19/18.3.19 |

| | |
|---|---|
| | 10319/- -- 19/18-19/25.3.19<br>13000/- -- 6/18-19/10.12.18<br>1681/- -- ലഭ്യമല്ല<br>------ |
| | 75000/- |

കൌമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസലിംഗ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കൗൺസിലറായി നിയമിച്ച ശ്രീമതി രമ്യ.എം.കെ-യ്ക്ക് ഹോണറേറിയം നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.4.4 പ്രകാരം ജാഗ്രതാ സമിതിയുടെ പ്രതിമാസ അവലോകനം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ നടത്തി പ്രവർത്തന പുരോഗതി ഉറപ്പ് വരുത്തേണ്ടതും മിനുട്സ് സൂക്ഷിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ പ്രവർത്തന പുരോഗതി വിലയിരുത്തിയതിന്റെ റിപ്പോർട്ടോ, മിനുട്സോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/17-03-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-34 ഉപകരണങ്ങളുടെ തുടർ പ്രവർത്തനങ്ങളും പരിപാലനവും കാര്യക്ഷമമാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ കണ്ടാംകുന്ന് ഗവ.എൽ.പി.സ്കൂളിലേക്ക് ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. ഒന്നാം ക്ലാസ്സ് ഒന്നാം തരമാക്കുക എന്ന ലക്ഷ്യത്തോടെ പ്രോജക്ട് നം. 96/18-19 പ്രകാരം 36,660 രൂപയ്ക്ക് ഒരു സ്മാർട്ട് എൽ.ഇ.ഡി ടെലി വിഷൻ (Impex * 50 UHD) , 5000 രൂപയ്ക്ക് ഒരു പ്രോജക്ടർ സ്ക്രീൻ എന്നിവ വാങ്ങിയിട്ടുണ്ട്.

2. ബാല സൗഹൃദ പഞ്ചായത്ത് ( പ്രോ.നം 126/18-19)പദ്ധതിയുടെ ഭാഗമായി 95,000 രൂപയ്ക്ക് സൗണ്ട് സിസ്റ്റം സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്.

മുകളിൽ കൊടുത്ത ഉപകരണങ്ങൾ കുട്ടികൾക്ക് പ്രയോജനകരമാകുന്ന വിധത്തിലുള്ള പ്രവർത്തനം, പ്രസ്തുത ഉപകരണങ്ങളുടെ യഥാസമയത്തുള്ള പരിപാലനം എന്നിവയുടെ കാര്യത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻറെയും വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും ഭാഗത്ത് നിന്നും കൂടുതൽ ശ്രദ്ധയുണ്ടാവേണ്ടതാണ്.

# 1-35 അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതിനിർവ്വഹണം-അനുബന്ധ രേഖകൾ ലഭ്യമായിട്ടില്ല - 7,41,240/- രൂപ തടസ്സപ്പെടുത്തുന്നു

2018- 19 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ ചേർത്തവയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം. | പേര് | അടങ്കൽ | രേഖകൾ ലഭ്യമാക്കാത്ത ചെലവ് തുക | ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 24/19 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠനമുറി | 3,00,000/- (വികസന ഫണ്ട്, എസ്.സി.പി) | 1,50,000/- (11/21-12-18 20/21-03-19) | ഷിംജ രമേഷിന് പഠനമുറി നിർമ്മാണത്തിന് 1,50,000 രൂപ നൽകിയിട്ടുണ്ട് (ബിൽ നം.11/21-12-18- 1,00,00 + 50,000 20/21-03-19) പൂർത്തീകരണ വിവരം,വാല്വേഷൻ എന്നിവ ലഭ്യമാക്കിയില്ല. |
| 2 | 166/19 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠനമുറി | 12,500/- (വികസന ഫണ്ട്) | 12,357/- ബിൽ നം.02/26-07-2018 | ബാബു.കെ.പിക്ക് പഠനമുറി നിർമ്മാണത്തിന് 12,357 രൂപ നൽകിയിട്ടുണ്ട്. ആകെ നൽകിയ തുകയുടെ വിവരം,പൂർത്തീകരണ വിവരം,വാല്വേഷൻ ഇവ ലഭ്യമാക്കിയില്ല.. |
| 3 | 83/19 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠനമുറി | 1,52,000/- (വികസന ഫണ്ട്, ടി.എസ്.പി) | 50,000/- (12/28-12-18) 1,02,000 /- (21/21-03-19) | കെ.വി.അശ്വിനിക്ക് പഠനമുറി നിർമ്മാണത്തിന് 1,52,000 രൂപ നൽകിയിട്ടുണ്ട്.ആകെ നൽകിയ തുകയുടെ വിവരം,പൂർത്തീകരണ വിവരം,വാല്വേഷൻ ഇവ ലഭ്യമാക്കിയില്ല. |

| | | | | | |
|---|---|---|---|---|---|
| 4 | 26/19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,50,000/-<br>(വികസന ഫണ്ട്, ടി.എസ്.പി) | 1,25,000/-<br>(03/29-09-18)<br>25,000/-<br>(07/29-11-18) | 1.അമർനാഥ്.കെ. 30000/- സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രമില്ല<br>2.അഷ്ന ബാലകൃഷ്ണൻ - 20,000/- വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചില്ലെന്നുള്ള സാക്ഷ്യപത്രമില്ല |
| 5 | 25/19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 1,13,776/-<br>(വികസന ഫണ്ട് ,എസ്.സി.പി) | 56,888/-<br>14/22-01-19 | 4 പേർക്ക് ലാപ് ടോപ്പ് നൽകിയതിൽ, വകുപ്പ് മുഖേനയോ മറ്റോ പ്രസ്തുത ആനുകൂല്യം ഇതിന് മുന്നെ ലഭിച്ചില്ലെന്നുള്ള സാക്ഷ്യപത്രമില്ല |
| 6 | 187/19 | പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 75,000/-<br>(വികസന ഫണ്ട് ,എസ്.സി.പി)<br>15,000/-<br>(തനത് ഫണ്ട്) | 75000/-<br>(22/21-03-19)<br>15,000/-<br>(023955/ 30-03-19) | കെൽട്രോണിന്റെ 20-03-19 ലെ ഇൻവോയ്സ് പ്രകാരം 2 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 90,000/-രൂപ നല്കി. ഏതൊക്കെ കോളനികളിൽ സ്ഥാപിച്ചു എന്ന വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് ഇവ ലഭ്യമാക്കിയിട്ടില്ല |
| 7 | 97/19 | മൂല്ല്യ വർദ്ധിത ഉല്പന്ന നിർമ്മാണ പരിശീലനം | 1,50,000/-<br>(വികസന ഫണ്ട്) | 1,29,995/-<br>(17/12-02-19) | വി-ടെക് എഞ്ചിനിയറിംഗ് ,തൃശ്ശൂരിന്റെ 28-09-18-ലെ ഇൻവോയ്സ് പ്രകാരം 1,29,995 |

| | | | | | |
|---|---|---|---|---|---|
| | | | | | രൂപ ചെലവഴിച്ച് ട്രേ ഡ്രയർ , ഫ്രൂട്ട് പൾപ്പർ, ഫ്ലോർ മിൽ മെഷിനറി എന്നിവ വാങ്ങിയിട്ടുണ്ട്. ആയത് എവിടെ സ്ഥാപിച്ചു, ആരാണ് ഉപഭോക്തക്കൾ, പരിശീലനത്തിന്റെ വിവരം ,നിലവിലെ സ്ഥിതി തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഇവയും ലഭ്യമാക്കിയില്ല. |
| | | | ആകെ | 7,41,240/- | |

അനുബന്ധരേഖകളുടെ അഭാവത്തിൽ മേൽക്കാണിച്ച ചെലവ് തുക 7,41,240 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-36 ഉപകരണങ്ങൾ വാങ്ങി ഒരു വർഷമായിട്ടും ലാബ് പ്രാവർത്തികമായില്ല.1,27,117/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 103/19-പി.എച്ച്.സി ക്ലിനിക്കൽ ലാബിന് സൗകര്യമേർപ്പെടുത്തൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | സംരക്ഷണഗ്രാൻറ്(റോഡിതരം)-1,27,117/- |
| ചെലവ് | 1,27,117/-(99,741/-ബിൽ-40/25-3-19+-27,376/-ബിൽ-38/21-3-19) |

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിനനുബന്ധമായി ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. ഇതനുസരിച്ച് താഴെ ചേർത്ത പ്രകാരമുള്ള ഫർണിച്ചറുകളും ലാബുപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | ഉപകരണങ്ങൾ | ചെലവുതുക | വാങ്ങലിൻെറ വിവരം |
|---|---|---|---|
| 1 | ഷെൽഫ്(1),ബഞ്ച്(3),കസേര(9) | 66,781/- | റബ്കോ-BHW-18-19/667/23-3-19 (ബിൽതുക-71788/-രൂപ- |

| | | | |
|---|---|---|---|
| | | | തൻവർഷംചെലവ്-66781/+ 5006/-രൂപ സ്പിൽ ഓവർ) |
| 2 | ബ്ലഡ് കലക്ഷൻചെയർ, റിവോൾവിംഗ് ചെയർ, കൗണ്ടർ | 32,960/- | ക്യൂ-മെഡ്ഇൻസ്ട്രുമെൻറേഷൻ- (ഇൻവോയ്സ്-344/20-3-19) |
| 3 | R8CPlusറെമിലാബ്&S24 റെമിസ്വിംഗ് ഔട്ട് റോട്ടർ | 27,376/- | കൊച്ചിൻഇൻലാബ് എക്വിപ്മെൻറ്സ്(ഇൻവോയ്സ്-2409/02-3-19 |
| | ആകെ | 1,27,117/- | |

മേൽപ്പറഞ്ഞ പ്രകാരം 1,27,117/-രൂപയുടെ ഫർണിച്ചറും ഉപകരണങ്ങളും വാങ്ങി ഒരു വർഷത്തോളമായിട്ടും ലാബ് പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (26/17-3-20) പ്രസ്തുത കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാകാത്തതിനാലാണ് ലാബ് ആരംഭിക്കാൻ സാധിക്കാഞ്ഞത് എന്നാണ് മറുപടി ലഭ്യമാക്കിയത്. കെട്ടിടം വൈദ്യുതീകരിക്കും മുന്നെ നിശ്ചിത കാലയളവ് ഗ്യാരണ്ടി ഉൾപ്പെടുന്നതടക്കമുള്ള ഉപകരണങ്ങൾ വാങ്ങി ഇപ്രകാരം നിഷ്ക്രിയമാകാനിടയായത് ശരിയായ പദ്ധതി ആസൂത്രണത്തിൻെറ അഭാവമാണ് സൂചിപ്പിക്കുന്നത്. വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തിയാക്കി ഉടൻ ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്താത്തതിനാൽ ചെലവുതുക 1,27,117/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 പി.എച്ച്.സി-തുക ഒടുക്കി ഒരു വർഷമായിട്ടും 61,296/-രൂപയുടെ മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽഓഫീസർ(പി.എച്ച്.സി)നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം പി.എച്ച്.സിക്കും പെയിൻ&പാലിയേറ്റീവ് കെയറിനുംമരുന്ന് വാങ്ങിക്കുന്നതിന് വിവിധ ബില്ല്/ചെക്കുകളിലായി 4,52,698/-രൂപ കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ട്.ആയതിൽ താഴെ ചേർത്ത ചെലവു തുകയിൽ 61,296/-രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ ബാക്കിയുണ്ട്.വിശദവിവരം ചുവടെ.

| ക്രമനമ്പർ | പ്രൊജക്ട് നമ്പരും പേരും | ബിൽ നമ്പർ | ഒടുക്കിയ തുക | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 1 | 28/19പെയിൻ& പാലിയേറ്റീവ് കെയറിനു മരുന്ന് | 1)ബിൽ-21/30-11-18 (വികസനഫണ്ട്)<br>2)ചെക്ക്-1700883/06-12-18 | 45,000/-<br>1,00,000/- | 7,022/- | 37,978/-<br>17,396/- |

| | | | | | |
|---|---|---|---|---|---|
| | | | | 82,604/- | |
| 2 | 45/19-പി.എച്ച്.സിക്ക് മരുന്ന് | ബിൽ-28/15-02-19 | 1,02,242/- | 96,320/- | 5,922 |
| ആകെ | | | | | 61,296/- |

മേൽപ്പറഞ്ഞ പ്രകാരം ലഭ്യമാകുവാനുള്ള 61,296/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 സബ്സിഡി പരിധി ലംഘിച്ച് ആനുകൂല്യം- 9,425/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 88/19-പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് |
| നിർവ്വഹണം | അസിസ്റ്റൻറ് സെക്രട്ടറി |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി)34,750/+തനത്ഫണ്ട്-4,250=39,000/- |
| ചെലവ് | വികസനഫണ്ട്(എസ്.സി.പി)34,750/(ബിൽ-4/25-10-18)+തനത്ഫണ്ട്-2,950=37,700/- |

1) പ്രസ്തുത പ്രോജക്ട് പ്രകാരം ഒരു ടാങ്കിന് 2,900/- രൂപ നിരക്കിൽ 37,700/-രൂപ ചെലവഴിച്ച് 13 വാട്ടർടാങ്കുകൾ മമത ട്രേഡേഴ്സ്, കതിരൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള സബ്സിഡി മാർഗരേഖ (സ.ഉ(കൈ)22/18 തസ്വഭവ 14-02-18 ഖണ്ഡിക 6-6(5))പ്രകാരം 2,900/- രൂപയുടെ 75% ആയ 2,175/-രൂപയാണ് ഒരു ടാങ്കിനനുവദിക്കാവുന്ന സബ്സിഡി ശേഷിക്കുന്ന 25% ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കാതെ മുഴുവൻ തുകയും സബ്സിഡി അനുവദിച്ചത് വഴി ഒരു ടാങ്കിന് 725/-രൂപ നിരക്കിൽ 13 ടാങ്കുകൾക്ക് 9,425/- രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ ലംഘിച്ച് അധികമായി ചെലവഴിച്ച 9,425/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)ശ്രീ.ഉപേന്ദ്രൻ എന്ന ഗുണഭോക്താവിന് ടാങ്ക് വിതരണം ചെയ്തതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. മേൽക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (34/19-3-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 റർബൻ മിഷൻ പദ്ധതികൾ

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ഒട്ടേറെ പദ്ധതികൾ റർബൻ മിഷനിൽ നിന്ന് ലഭിച്ച ധനസഹായം ഉപയോഗിച്ച് സെക്രട്ടറിയും അസി.എഞ്ചിനീയരും നിർവ്വഹണ ഉദ്യോഗസ്ഥരായി 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട്. പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ നവീകരണം, കുടിവെള്ള പദ്ധതികൾ, അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വിപുലീകരണ പദ്ധതികൾ, പരിശീലനകേന്ദ്രം സ്ഥാപിക്കൽ തുടങ്ങി ഒട്ടേറെ മേഖലകളിൽ ഈ പദ്ധതിയുടെ ഭാഗമായി പ്രവൃത്തികൾ നടന്നിട്ടുണ്ട്. റർബൻ മിഷൻ പ്രകാരമുള്ള പദ്ധതികൾ 2019-20 വർഷത്തിൽ തുടരുന്നുണ്ട്. 2018-19 വർഷം പദ്ധതിക്ക് വേണ്ടി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

മുന്നിരിപ്പ്; 62,195/-

തൻവർഷ വരവ്;10,97,87,842/-

ആകെ: 10,98,50,037/-

തൻവർഷത്തെ ചെലവ് ; 3,19,68,312/-

വർഷാവസാന ബാക്കി: 7,78,81,725/-

<u>പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.</u>

വിവിധ പ്രവൃത്തികൾക്കായി ചുവടെ ചേർത്ത പ്രകാരം 34,11,948/-രൂപ വിവിധ ഏജൻസി/ വകുപ്പുകളിലായി നിക്ഷേപിച്ചിട്ടുണ്ട്. ഇത് സംബന്ധമായ കരാർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കുകയോ, തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക്-ലൈൻ നീട്ടൽ | 21800763/ 22-6-18 | 23,26,777 | 0 | 23,26,777 |
| ഭൂജലവകുപ്പ് | അങ്കണവാടികൾക്ക് കുഴൽക്കിണർ | 21800596/ 22-06-18 | 5,56,000 | 0 | 5,56,000 |
| ക്ലീൻ കേരള മിഷൻ | പ്ലാസ്റ്റിക് ബെയ്ലിംഗ് യൂനിറ്റ് | 21800910/ 02-3-19 | 5,29,171 | 0 | 5,29,171 |
| ആകെ | | | 34,11,948 | | 34,11,948 |

പ്രവൃത്തിനിർവ്വഹണത്തിലെ കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്

| |
|---|
| ഭാഗം-2 – വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (ചാർജ് ചെയ്യാവുന്നവ) – ഇല്ല |
| ഭാഗം-3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (സർചാർജ് ചെയ്യാവുന്നവ) – ഇല്ല |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻെറ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08-07-19മുതൽ 11-07-19 വരെ | കെ.എസ്.എ-കെ.എൻ.ആർ/ സി.8/1315/2019തീയതി-20.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കൂത്തുപറമ്പ് | 1,00,000/- | ലൈഫ് മിഷൻ | --- | 1,00,000/- |
| | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | ---- |
| | 7,00,000/- | പാലിന് സബ്സിഡി | 7,00,000/- | ----- |
| | 1,00,000/- | സാന്ത്വനപരിചരണം | 1,00,000/- | ---- |
| | 42,600/- | ഒന്നാം ക്ലാസ് ഒന്നാം തരം | 42,600/- | ---- |

| | | | | |
|---|---|---|---|---|
| | 8,00,000/- | ഒരു വീട്ടിൽ ഒരു തറി | 8,00,000/- | |
| | 4,00,000/- | ജലം സുലഭം | ----- | 4,00,000/- |
| ജില്ലാ പഞ്ചായത്ത് കണ്ണൂർ | 3,00,000 | പാലിന് സബ്സിഡി | 3,00,000 | 0 |
| | 1,00000 | പാലിയേറ്റീവ് കെയർ | 1,00000 | 0 |
| | 2,50,000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| | 1,00,000 | ശിശുമിത്ര ബഡ്സ് സ്കൂൾ | 1,00,000 | 0 |
| | 1,49,600/- | പച്ചക്കറി-കൂലിച്ചെലവ് | 1,49,600 | 0 |
| | 1,70,000/- | നെല്ലുൽപാദന ബോണസ് | 1,70,000/- | |
| | 1,00,000/- | മഞ്ഞൾകൃഷിവികസനം | ---- | 1,00,000/- |
| | 2,35,920/- | ആശ്രയ ഭവന നിർമ്മാണം | 1,35,520/- | 1,00,400/- |
| | 50,000/- | കാൻസർ കെയർ | 50,000/- | - |
| | 14,200/- | ഒന്നാം ക്ലാസ് ഒന്നാം തരം | 14,200/- | --- |

## 4-3 നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്കായി 34,11,948/- രൂപയുടെ മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിക്കുകയോ, പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക്- ലൈൻ നീട്ടൽ | 21800763/ 22-6-18 | 23,26,777 | 0 | 23,26,777 |
| ഭൂജലവകുപ്പ് | അങ്കണവാടികൾക്ക് കുഴൽക്കിണർ | 21800596/ 22-6-18 | 5,56,000 | 0 | 5,56,000 |
| ക്ലീൻ കേരള മിഷൻ | പ്ലാസ്റ്റിക് ബെയ് ലിംഗ് യൂനിറ്റ് | 21800910/ 02-3-19 | 5,29,171 | 0 | 5,29,171 |
| ആകെ | | | 34,11,948 | | 34,11,948 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈയിനത്തിൽ തൻവർഷം ചെലവില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ് വിവരം

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ,ചെലവോ ഉണ്ടായിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം/ഇൻവെസ്റ്റ്മെന്റ്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം/ഇൻവെസ്റ്റ്മെന്റ് | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

<u>വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ഷെയർ-തിയ്യതി-15-5-2004 | ₹20,000 |
| ആകെ | ₹20,000/- |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഈ ഇനത്തിൽ വരവ് വന്ന 32576/- രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ .തിയ്യതി |
|---|---|---|---|---|
| 2016-17 | 3-11 | 21,142/- | സുരേന്ദ്രബാബു.സി. | 118030103599/09-10-18 |
| 2016-17 | 3-11 | 7,442/- | ജയപ്രകാശൻ.ടി. | 118030100258/18-4-18 |
| 2016-17 | 3-11 | 3,992/- | സെക്രട്ടറി,മാൽകോസ് | 94083100015/20-4-18 |
| ആകെ | | 32,576/- | | |

## 4-8 സമാഹൃതറിപ്പോർട്ട്

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-9 | | | വീട്ട് വാടക ബത്ത ഉയർന്ന നിരക്കിൽ അനുവദനീയമല്ല | പരാമർശം നിലനിൽക്കുന്നു |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടി വഴി ഓഡിറ്റ് വർഷം തുകയൊന്നും വരവില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 18,84,71,825/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 103851802 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,33,790/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,69,241 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-25 | ഇല്ല | 7,18,200/- | ശ്രീ.വിപിൻദാസ്, വി, വി.ഇ.ഒ (മാങ്ങാട്ടിടം) |
| 1-28 | | 6,165/- | ഡോ.ആഷ സജിത്ത് വെറ്റിനറി സർജൻ |
| 1-38 | | 9,425/- | ശ്രീ.മുഹമ്മദ് റഫീഖ്, |

| | | | |
|---|---|---|---|
| | | | അസി.സെക്രട്ടറി |
| ആകെ | | 7,33,790/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2,13,807 | ശ്രീ.രാജേഷ് കുമാർ ടി., സെക്രട്ടറി |
| 1-25 | 4,78,800 | ശ്രീ.വിപിൻദാസ് വി., വി.ഇ.ഒ. (മാങ്ങാട്ടിടം) |
| 1-30 | 8,277 | ഡോ.ആഷ സജിത്, വെറ്റിനറി സർജൻ |
| 1-35 | 7,41,240 | ശ്രീ.മുഹമ്മദ് റഫീഖ്, അസി.സെക്രട്ടറി |
| 1-36 | 1,27,117 | ഡോ.സൽമത്ത് കെ.ടി. മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| ആകെ | 15,69,241 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിപിൻദാസ്.വി, വി.ഇ.ഒ. | വി.ഇ.ഒ., പാട്യം ഗ്രാമപഞ്ചായത്ത് | വി.വി.വില്ല, മാങ്ങാട്ടിടം പി.ഒ. |
| ഡോ.ആഷ സജിത്ത്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, കോട്ടയം ഗ്രാമപഞ്ചായത്ത് | ഐശ്വര്യ, ശങ്കരനെല്ലൂർ, കൂത്തുപറമ്പ് |
| ശ്രീ.മുഹമ്മദ് റഫീഖ്, | സെക്രട്ടറി, ചിറക്കൽ | റോസ് മഹൽ, പൊന്ന്യം |

| | | |
|---|---|---|
| അസി. സെക്രട്ടറി | ഗ്രാമപഞ്ചായത്ത് | പാലം പി.ഒ. |
| ഡോ. സൽമത്ത് കെ.ടി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുന്നോത്ത്പറമ്പ | സഫവില്ല, ചെണ്ടയാട് പി.ഒ, പാനൂർ 670692 |
| ശ്രീ.രാജേഷ് കുമാർ ടി., സെക്രട്ടറി | സെക്രട്ടറി, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | ആരാമം, പിണറായി പി.ഒ. |

# 4-11 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 4 |
| 1999-00 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 6 |
| 2002-03 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 1 |
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 3 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 3 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 5 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 8 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 1 |
| 2013-14 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 3 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 8 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി 8/890/19തീ.17.07.2019 | 2 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി 8/2046/18തീ.16.01.2019 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.8/316/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 06.07.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Mangattidam Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19302808.00 |
| Cash | Cash | RP-40(a) | 33902.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 886400.00 |
| 140000000 | Fees & User Charges | RP-4 | 798036.00 |
| 150000000 | Sale & Hire Charges | RP-5 | 157702.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61919683.00 |
| 171000000 | Interest Earned | RP-9 | 780973.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 118874809.00 |
| 350000000 | Other Liabilities | RP-36 | 64685.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 12601.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 5396.00 |
| 340000000 | Deposits Received | RP-34 | 156481.00 |
| 350000000 | Other Liabilities | RP-36 | 292071.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4481032.00 |
| 460000000 | Loans, Advances and Deposits | RP-47 | 41956.00 |
| | Grand total | | 207808535.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3265664.00 |
| 220000000 | Administrative Expenses | RP-12 | 1189887.00 |
| 230000000 | Operations & Maintenance | RP-13 | 1835304.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9095163.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 16038054.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3250993.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1564785.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 419920.00 |
| 255000000 | Maintenance Projects | RP-20 | 6962731.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1614078.00 |
| 280000000 | Prior Period item | RP-26 | 310207.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 472170.00 |
| 350000000 | Other Liabilities | RP-36 | 5647968.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 21141.00 |
| 311000000 | Earmarked Funds | RP-29 | 5000.00 |
| 340000000 | Deposits Received | RP-34 | 3327.00 |
| 350000000 | Other Liabilities | RP-36 | 2199486.00 |
| 410000000 | Fixed Assets | RP-38 | 45052150.00 |
| 412000000 | Capital work in Progress | RP-40 | 479414.00 |
| 460000000 | Loans, Advances and Deposits | RP-47 | 4424360.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 103930231.00 |
| Cash | Cash | RP- | 26502.00 |

| | | | |
|---|---|---|---|
| | | 40(b) | |
| | Grand Total | | 207808535.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Mangattidam Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5092197.00 |
| 140000000 | Fee & User Charges | I-4(b) | 1056286.00 |
| 150000000 | Sale & Hire Charges | I-5(b) | 157702.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 160732270.00 |
| 171000000 | Interest Earned | I-8 | 780973.00 |
| 180000000 | Other Income | I-9 | 12601.00 |
| | Total Income | | 167832029.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9697773.00 |
| 220000000 | Administrative Expenses | I-11(b) | 1220562.00 |
| 230000000 | Operations & Maintenance | I-12(b) | 1836551.00 |
| 240000000 | Interest & Finance Charges | I-13 | 21141.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10902945.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41365140.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3250993.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1564785.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 61249020.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 6962731.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1614078.00 |
| 272000000 | Depreciation | I-17(a) | 14197286.00 |
| | Total Expenditure | | 153883005.00 |
| | Gross Surplus/ Deficit of income over Expenditure | | 13949024.00 |
| 280000000 | Prior Period Item | I-18 | 362262.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 13586762.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Mangattidam Grama Panchayat BALANCE SHEET<br>As On 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 32744850.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 38510.00 |
| 312000000 | Reserves | B-3 | 86893495.00 |
| | Total Reserve & Surplus | | 119676855.50 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 95454711.00 |
| | Total Grants, Contributions for Specific Purposes | | 95454711.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 279659.00 |
| 350000000 | Other Liabilities | B-9 | 861077.50 |
| | Total Current Liabilities and Provisions | | 1140736.50 |
| | TOTAL LIABILITIES | | 216272303.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 142731958.00 |
| | | | |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -43335096.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 99396862.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 24094.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 103956733.00 |
| 460000000 | Loans, Advances and Deposits | B-18 | 12874614.00 |
| | Total Current Assets, Loans and Advances | | 116855441.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 216272303.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.